# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 30

26.09.2016 ൽ മറുപടിക്ക്

### മാധ്യമങ്ങളിൽ പ്രസ്താവനകളും, പ്രഖ്യാപനങ്ങളും നടത്തുന്ന ഉദ്യോഗസ്ഥർ

**ചോദ്യം**

**ശ്രീ. പി.കെ.അബ്ദു റബ്**

**ഉത്തരം**

**ശ്രീ. പിണറായി വിജയൻ**

**(ബഹു. മുഖ്യമന്ത്രി)**

**(എ)** സംസ്ഥാനത്തെ ഉന്നത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ ആർക്കൊക്കെയാണ് മുൻകൂർ ഗവൺമെന്റ് അനുമതിയില്ലാതെ മീഡിയയിൽ പ്രസ്താവന നടത്താൻ അനുവാദമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അനുമതി തേടി പ്രസ്താവന നടത്താൻ അനുവാദമുള്ളത് ആർക്കൊക്കെയാണെന്ന് വിശദമാക്കാമോ;

**(എ) & (ബി)** സർക്കാരിന്റെ നയപരമായ കാര്യങ്ങളെപ്പറ്റി മാധ്യമങ്ങളിൽ അഭിപ്രായ പ്രകടനം നടത്തുന്നതിന് മുൻകൂർ അനുമതി സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമുണ്ട്. എന്നാൽ ഉത്തമവിശ്വാസത്തോടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി മാധ്യമങ്ങളിൽ പ്രസ്താവന നടത്താൻ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല.

(സി) താഴെത്തട്ട് വരെയുള്ള ഉദ്യോഗസ്ഥർ പരസ്യമായി മീഡിയയുടെ മുന്നിൽ ഒരു അനുവാദവും തേടാതെ പ്രസ്താവനകളും, പ്രഖ്യാപനങ്ങളും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള പ്രവണതയ്ക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

(സി) & (ഡി) താഴെത്തട്ട് വരെയുള്ള ഉദ്യോഗസ്ഥർ സർക്കാരിനേയോ സർക്കാർ നയങ്ങളേയോ വിമർശിച്ച് മാധ്യമങ്ങളിൽ പ്രസ്താവന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

Jeyasree

സെക്ഷൻ ഓഫീസർ.